## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*448** **21.07.2015 ൽ മറുപടിയ്ക്ക്**

### ഓൺലൈൻ ദേശീയ കാർഷിക വിപണി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. എം. ചന്ദ്രൻ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ ആരംഭിച്ച ഓൺലൈൻ ദേശീയ കാർഷിക വിപണിയിൽ സംസ്ഥാനം ഉൾപ്പെട്ടിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഓൺലൈൻ കാർഷിക വിപണിയെ സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ; | (ബി) കേരളത്തിൽ കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ സംസ്ഥാനത്ത് എവിടെയും സ്വതന്ത്രമായി വിപണനം നടത്തുന്നതിന് നിലവിലുള്ള സാഹചര്യത്തിൽ സാദ്ധ്യമാണ്. കൃഷി വകുപ്പിന്റെ കീഴിലുള്ള ആറ് മൊത്തവ്യാപാരവിപണികളിലും അഞ്ച് ജില്ലാ സംഭരണ കേന്ദ്രങ്ങളിലും കർഷകർക്ക് ഉല്പന്നങ്ങൾ എത്തിച്ച് ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ഒഴിവായി മെച്ചപ്പെട്ട വില നേടിയെടുക്കുന്നതിനും സാധിക്കുന്നു. കൂടാതെ വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ് മുതലായ ഏജൻസികൾ മുഖേനയും പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള ക്ലസ്റ്ററുകൾ മുഖേനയും കാർഷികോല്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് സൗകര്യങ്ങൾ ലഭ്യമാണ്. കൂടാതെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയുടെ നിയന്ത്രണത്തിൽ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിനാൽ ഓൺലൈൻ വിപണിയുടെ ആവശ്യമില്ല. |
| (സി) സംസ്ഥാനത്ത് നിലവിലുള്ള കാർഷികോല്പന്ന വിപണന കേന്ദ്രങ്ങളുടെ പ്രവർത്തനം തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ ; | (സി) ഉണ്ട് |

| | | | |
|---|---|---|---|
| (ഡി) | ഓൺലൈൻ വിപണിയിൽ ഉൾപ്പെട്ടിരുന്നുവെങ്കിൽ നിലവിലുള്ള ഈ സംവിധാനങ്ങളെ ശക്തിപ്പെടുത്തുന്നതിന് സാധിക്കുമായിരുന്നുവോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ? | (ഡി) | ഓൺലൈൻ ദേശീയ കാർഷിക വിപണിയിൽ സംസ്ഥാനം ഉൾപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**